സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 09-01-2023
Email-swdkerala@gmail.com
Phone-0471–2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് – സി&എ.ജി റിപ്പോർട്ട് പെന്റിംഗ്- അക്കൌണ്ടന്റ് ജനറൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് - തീർപ്പാക്കാത്ത ആഡിറ്റ് ഖണ്ഡികകൾക്ക് മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- സി&എ.ജിയുടെ 2021 ലെ ആഡിറ്റ് റിപ്പോർട്ട്.

സാമൂഹ്യനീതിവകുപ്പിലെ വിവിധ കീഴ്കാര്യാലങ്ങളിൾ അക്കൗണ്ടന്റ് ജനറൽ പരിശോധനനടത്തി തയ്യാറാക്കിയ വിവിധ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലായി നിരവധി ഖണ്ഡികകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായി സൂചന പ്രകാരം സി&എ.ജി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ തീർപ്പാക്കാതെ നിലനിൽക്കുന്ന ഖണ്ഡികകൾക്ക് മറുപടി ആവശ്യപ്പെട്ട് സർക്കാർ, അക്കൌണ്ടന്റ് ജനറൽ കേരള എന്നിവിടങ്ങളിൽനിന്നും ഓർമ്മക്കുറിപ്പുകളും, അർദ്ധ ഔദ്യോഗികകത്തുകളും ലഭ്യമായിട്ടും മറുപടിനൽകുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. സർക്കാർതലത്തിൽ നടത്തപ്പെടുന്ന വിവിധ അവലോകനയോഗങ്ങളിലും ആഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ തീർപ്പാക്കാതെ നിലനിൽക്കുന്ന ഖണ്ഡികകളെ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കുവാൻ സാധിക്കുന്നില്ല. അക്കൌണ്ടന്റ് ജനറലിന്റെ വിവിധ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലായി തീർപ്പാക്കാതെ അവശേഷിക്കുന്ന ഖണ്ഡികകൾ അടിയന്തിരമായി തീർപ്പാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

ആഡിറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ തീർപ്പാക്കാതെ നിലനിൽക്കുന്ന ഖണ്ഡികകളെ സംബന്ധിച്ച് സർക്കാരിലേയ്ക്ക് മറുപടിനൽകേണ്ട അടിയന്തിര സാഹചര്യത്തിൽ, സാമൂഹ്യനീതിവകുപ്പിലെ വിവിധ കീഴ്കാര്യാലയങ്ങളിൽ അക്കൗണ്ടന്റ് ജനറൽ പരിശോധനനടത്തി തയ്യാറാക്കിയ (2022 മാർച്ച് 31 വരെയുള്ള) വിവിധ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിൽ ഇനിയുംതീർപ്പാക്കാതെ അവശേഷിക്കുന്ന ഖണ്ഡികകൾക്കുള്ള മറുപടിയും ബന്ധപ്പെട്ട ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പകർപ്പും 7 ദിവസത്തിനുള്ളിൽ ഈകാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട കാര്യാലയമേധാവി/സ്ഥാപന സൂപ്രണ്ടുമാർ ഈ പരിപത്രതീയതി മുതൽ 15 ദിവസത്തിനകം ഈകാര്യാലയത്തിൽ നേരിൽഹാജരായി റിപ്പോർട്ട് ഹാജരാക്കേണ്ടതും കാലതാമസം വരുത്തിയതിനുള്ള കാരണം ബോധിപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതാണ്. സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

ജലജ.എസ്
അഡീഷണൽ ഡയറക്ടർ &
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ in charge

എല്ലാ ജില്ല സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
എല്ലാ സ്ഥാപന സൂപ്രണ്ട്/ DDOമാർക്കും

Senior Finance Officer
Directorate of Social Justice
Thiruvananthapuram - 33

I/75310/2023

അംഗീകാരത്തോടെ,